**അനുബന്ധം-6**

## <u>ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള-യുടെ 'മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ', 'നിയമങ്ങളും ചട്ടങ്ങളും' ഭേദഗതി.</u>

### മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ - ഭേദഗതി

**(i)** ഏജൻസിയുടെ സുഗമമായ നടത്തിപ്പിന് നിലവിലെ ഇനം 6. ഭരണസമിതിയുടെ ഘടന താഴെപ്പറയുന്നരീതിയിൽ ഭേദഗതി ചെയ്യുന്നു; അതായത്,

| നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|
| 6. ഭരണസമിതി | 6. ഭരണസമിതി |
| എ- ഔദ്യോഗിക അംഗങ്ങൾ | എ - ഔദ്യോഗിക അംഗങ്ങൾ |
| 1. ഫിഷറീസ് വകുപ്പ് മന്ത്രി (ചെയർമാൻ) | 1. ഫിഷറീസ് വകുപ്പ് മന്ത്രി (ചെയർമാൻ) |
| 2. ഫിഷറീസ് വകുപ്പ് സെക്രട്ടറി (വൈസ് ചെയർമാൻ) | 2. ഫിഷറീസ് വകുപ്പ് സെക്രട്ടറി (വൈസ് ചെയർമാൻ) |
| 3. ഫിഷറീസ് ഡയറക്ടർ (പ്രൊജക്ട് ഡയറക്ടർ) | 3. ഫിഷറീസ് ഡയറക്ടർ |
| 4. ഗവൺമെന്റ് സെക്രട്ടറി ധനവകുപ്പ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | 4. ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത, ഗവൺമെന്റ്സെക്രട്ടറി, ധനവകുപ്പിന്റെ, പ്രതിനിധി |
| 5. ഗവൺമെന്റ് സെക്രട്ടറി റവന്യൂ വകുപ്പ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | (നീക്കം ചെയ്തു)............................ |
| 6. ഗവൺമെന്റ് സെക്രട്ടറി നിയമവകുപ്പ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | (നീക്കം ചെയ്തു)............................ |
| 7. കൊച്ചിയിലെ സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി ചെയർമാൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | 5. പ്രസിഡന്റ്, രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി |
| 8. ഡയറക്ടർ, CIBA, മദ്രാസ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | 6. ഡയറക്ടർ, CIBA അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി |
| 9. ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | (നീക്കം ചെയ്തു)............................ |
| 10. ഡെപ്യൂട്ടി ജനറൽ മാനേജർ, നബാർഡ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി | 7. ഡെപ്യൂട്ടി ജനറൽ മാനേജർ, നബാർഡ് |
| 11. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് | 8. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് |

| | |
|---|---|
| 12. ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | (നീക്കം ചെയ്തു)............................ |
| 13. ഡീൻ (ഫിഷറീസ് ഫാക്കൽറ്റി) കേരള കാർഷിക സർവ്വകലാശാല (KAU) | 9. ഡീൻ, ഫിഷറീസ് ഫാക്കൽറ്റി, യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) |
| 14. ഏജൻസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ | 10. ഏജൻസിയുടെ മാനേജിംഗ് ഡയറക്ടർ<br>11. ചെയർമാൻ സംസ്ഥാന മത്സ്യ വിത്ത് കേന്ദ്രം (SFSC)<br>12. ഡയറക്ടർ, CMFRI അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി |
| **ബി.നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ** | **ബി.നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ** |
| 1. കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി | (നീക്കം ചെയ്തു)................................ |
| 2. കേന്ദ്ര ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി | (നീക്കം ചെയ്തു)................................ |
| 3. ശാസ്ത്രജ്ഞന്മാരിൽ നിന്ന് സർക്കാർ നിയോഗിക്കുന്ന പ്രതിനിധി | 1. കേരള സർക്കാർ നോമിനേറ്റ് ചെയ്യുന്ന മത്സ്യക്കൃഷി മേഖലയിൽ നിന്നുമുള്ള ഒരു ശാസ്ത്രജ്ഞൻ |
| 4. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി നോമിനേറ്റ് ചെയ്യുന്ന ഒരു മെമ്പർ | (നീക്കം ചെയ്തു)................................ |
| 5. കേരള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വ്യക്തികൾ | 2. കേരള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വ്യക്തികൾ |

## നിയമങ്ങളും ചട്ടങ്ങളും – ഭേദഗതി

**(i) നിലവിലെ ഇനം 1 നിർവചനം ഖണ്ഡിക 7,9 എന്നിവ ഏജൻസിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു; അതായത്,**

| നിലവിലുളളത് | ഭേദഗതി വരുത്തിയത് |
|---|---|
| 7. എക്സിക്യൂട്ടീവ് ഡയറക്ടർ എന്നാൽ ഏജൻസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ<br><br>9. ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ എന്നാൽ ഏജൻസിയുടെ ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ | 7. മാനേജിംഗ് ഡയറക്ടർ എന്നാൽ ഏജൻസിയുടെ മാനേജിംഗ് ഡയറക്ടർ<br><br>9. ജോയിന്റ് ഡയറക്ടർ എന്നാൽ ഏജൻസിയുടെ ജോയിന്റ് ഡയറക്ടർ |

**(ii) നിലവിലെ ഇനം 2, ഭാരവാഹികൾ ഖണ്ഡിക 4,5 എന്നിവ ഏജൻസിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു; അതായത്,**

| നിലവിലുളളത് | ഭേദഗതി വരുത്തിയത് |
|---|---|
| 4. എക്സിക്യൂട്ടീവ് ഡയറക്ടർ : സംസ്ഥാന സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാനം വഹിക്കും<br><br>5.ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ: സംസ്ഥാന സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാനം വഹിക്കും | 4. മാനേജിംഗ് ഡയറക്ടർ : സംസ്ഥാന സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടർ സ്ഥാനം വഹിക്കും<br><br>5.ജോയിന്റ് ഡയറക്ടർ : സംസ്ഥാന സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ജോയിന്റ് ഡയറക്ടർ സ്ഥാനം വഹിക്കും |

**(iii) നിലവിലെ ഇനം 3, ഭാരവാഹികളുടെ അവകാശങ്ങളും ചുമതലകളും അധികാരങ്ങളും ഖണ്ഡിക 4, 5, 5(സി), 7 എന്നിവ ഏജൻസിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു; അതായത്,**

| **നിലവിലുള്ളത്** | **ഭേദഗതി വരുത്തിയത്** |
|---|---|
| 4. എക്സിക്യൂട്ടീവ് ഡയറക്ടർ | 4. മാനേജിംഗ് ഡയറക്ടർ |
| (5). ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ | 5. ജോയിന്റ് ഡയറക്ടർ |
| (5) (സി). ഏജൻസി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചും ഭരണസമിതിയും കമ്മറ്റിയും ചുമതലപ്പെടുത്തുന്നതനുസരിച്ചും ഉള്ള ചുമതലകൾ നിർവ്വഹിക്കുകയും എക്സിക്യൂട്ടീവ് ഡയറക്ടറെ സഹായിക്കുകയും ഏജൻസിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഉത്തരവാദിത്തത്തോടെ നടത്തുകയും ചെയ്യുക. | 5 (സി). ഏജൻസി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചും ഭരണസമിതിയും കമ്മറ്റിയും ചുമതലപ്പെടുത്തുന്നതനുസരിച്ചും ഉള്ള ചുമതലകൾ നിർവ്വഹിക്കുകയും മാനേജിംഗ് ഡയറക്ടറെ സഹായിക്കുകയും ഏജൻസിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഉത്തരവാദിത്തത്തോടെ നടത്തുകയും ചെയ്യുക |
| (7). ഫൈനാൻസ് ഓഫീസർ: ഏജൻസിയുടെ കണക്കുകൾ സൂക്ഷിക്കുകയും സാമ്പത്തിക കാര്യങ്ങളിൽ എക്സിക്യൂട്ടീവ് ഡയറക്ടറെ സഹായിക്കുകയും ചെയ്യാൻ ചുമതലപ്പെട്ട ഈ ഉദ്യോഗസ്ഥനെ സർക്കാർ നിയമിക്കുന്നതാണ്. | 7. ഫൈനാൻസ് ഓഫീസർ: ഏജൻസിയുടെ കണക്കുകൾ സൂക്ഷിക്കുകയും സാമ്പത്തിക കാര്യങ്ങളിൽ മാനേജിംഗ് ഡയറക്ടറെ സഹായിക്കുകയും ചെയ്യാൻ ചുമതലപ്പെട്ട ഈ ഉദ്യോഗസ്ഥനെ സർക്കാർ നിയമിക്കുന്നതാണ്. |

**(iv) നിലവിലെ ഇനം 6 എക്സിക്യൂട്ടീവ് കമ്മറ്റി ഖണ്ഡിക 2 ഏജൻസിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു; അതായത്,**

| നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|
| 6. എക്സിക്യൂട്ടീവ് കമ്മറ്റി | 6.എക്സിക്യൂട്ടീവ് കമ്മറ്റി |
| 1. താഴെപ്പറയുന്ന എട്ട് അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മറ്റി ഉണ്ടായിരിക്കും | 1. താഴെപ്പറയുന്ന അഞ്ച് അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മറ്റി ഉണ്ടായിരിക്കും |
| 2. ഔദ്യോഗിക അംഗങ്ങൾ | 2. (a). ഔദ്യോഗിക അംഗങ്ങൾ |
| 1. ഗവൺമെന്റ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് (ചെയർമാൻ) | 1. ഗവൺമെന്റ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് (ചെയർമാൻ) |
| 2. ഫിഷറീസ് ഡയറക്ടർ, പ്രൊജക്ട് ഡയറക്ടർ (വൈസ് ചെയർമാൻ) | 2. ഫിഷറീസ് ഡയറക്ടർ |
| 3. ഗവൺമെന്റ് സെക്രട്ടറി, ഫിനാൻസ് (എക്സ്പെൻഡിച്ചർ) | 3.ഫിനാൻസ് വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികയിൽ താഴെയല്ലാത്ത ഒരു പ്രതിനിധി |
| 4. ഗവൺമെന്റ് സെക്രട്ടറി, നിയമ വകുപ്പ് | നീക്കം ചെയ്തു................................ |
| 5. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് | നീക്കം ചെയ്തു................................ |
| 6. ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് | നീക്കം ചെയ്തു................................ |
| 7. ഏജൻസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ | 4. ഏജൻസിയുടെ മാനേജിംഗ് ഡയറക്ടർ |
| . | |
| b. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ | (b). നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ |
| എക്സിക്യൂട്ടീവ് കമ്മറ്റിയിലേയ്ക്ക് ഭരണസമിതി അംഗങ്ങളിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം | എക്സിക്യൂട്ടീവ് കമ്മറ്റിയിലേയ്ക്ക് ഭരണസമിതി അംഗങ്ങളിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം |

**(v).** **നിലവിലെ ഇനം 8, യോഗങ്ങൾ ഖണ്ഡിക 3,5 എന്നിവിടങ്ങളിൽ "എക്സിക്യൂട്ടീവ് ഡയറക്ടർ" എന്ന വാക്കുകൾ "മാനേജിംഗ് ഡയറക്ടർ" എന്ന വാക്കുകളായി ഭേദഗതി ചെയ്യുന്നു.**

**(vi).** **നിലവിലെ ഇനം 9, 'ക്വാറം', ഖണ്ഡിക 2 ഏജൻസിയുടെ സുഗമമായ പ്രവർത്തനത്തിന് താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു; അതായത്,**

| നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|
| 9.ക്വാറം<br><br>2.കമ്മിറ്റി യോഗത്തിന്റെ ക്വാറം 4 ആയിരിക്കും | 9.ക്വാറം<br><br>2.കമ്മിറ്റി യോഗത്തിന്റെ ക്വാറം 3 ആയിരിക്കും |

**(vii).** **നിലവിലെ ഇനം 10 അംഗത്വം ഖണ്ഡിക 2, 3 എന്നിവിടങ്ങളിൽ "എക്സിക്യൂട്ടീവ് ഡയറക്ടർ" എന്ന വാക്കുകൾ "മാനേജിംഗ് ഡയറക്ടർ" എന്ന വാക്കുകളായി ഭേദഗതി ചെയ്യുന്നു.**